In case of any queries relating to e-voting or VC/OAVM participation, Members may refer to FAQs/user manual on www.evoting.nsdl.com, or contact **Mr. Amit Vishal**, Deputy Vice President at **evoting@nsdl.com** or call **022-4886 7000**. Alternatively, write to NSDL, 3rd Floor, Naman Chamber, Plot C-32, G-Block, Bandra Kurla Complex, Bandra East, Mumbai - 400051 or to the Company Secretary at **info@demacsteel.com** or at the registered office address.

By Order of the Board
Sd/-
Varghese Vazhappily Davis
Date: 04.09.2026 Managing Director
Place: Thrissur **DIN: 07763636**

AXIS BANK LIMITED

Registered Office:- Axis Bank Limited, "Trishul", 3rd Floor, OppSamartheshwar Temple, Near Law Garden Ellisbridge, Ahmedabad-380006.
Head Office: Axis Bank Limited, Axis House, C-2, Wadia International Centre, Pandurang Budhkar Marg, Worli, Mumbai - 400025, Maharashtra, India.

Notice seeking 'Expression of Interest' from Asset Reconstruction Companies (ARC), Banks, Financial Institutions (FI) and eligible Non-Banking Financial Companies (NBFC) for sale of Financial Assets by Axis Bank Limited (Axis Bank)

In terms of **Axis Bank Limited (Axis Bank)** policy on sale of Stressed Financial Assets to ARCs, Banks, FIs and eligible NBFCs and in line with the regulatory guidelines, Axis Bank intends to undertake sale of the following loan accounts to ARCs, Banks, FIs and eligible NBFCs under a Swiss Challenge Method as given below. We invite ARCs, Banks, FIs and eligible NBFCs to indicate **'Expression of Interest' ("EOI")** in acquiring these Financial Assets.

Nature of accounts ("Stressed Loans")	No. of A/c's	Aggregate Principal O/s as on 31 July 2026	Reserve Price / Binding Offer	Starting Price for counter bid with 5% mark-up	Term of Sale
Pool- Portfolio of secured Stressed Loans	966	332.83 Crs.	176.44 Crs.	185.26 Crs.	100% upfront cash basis

The interested parties may note the following in respect of the sale process:

- Further details of the accounts to be sold will be sent on email to interested ARCs, Banks, FIs or eligible NBFCs on execution of NDA, depositing EMD and submission of EOI. The format of NDA and EOI can be obtained from Mr. BRIJ SINGH, _(Address)- Axis Bank Limited, Axis House, C-2, Wadia International Centre, Pandurang Budhkar Marg, Worli, Mumbai - 400025, Maharashtra, India, Ph- 7596079601.India, Email Id: **Brij1.singh@axis.bank.in.**
- The EOI, EMD & NDA as per Axis Bank's format shall be submitted latest by: **10 September 2026 of 5PM**. Thereafter, the prospective buyers, can undertake the due diligence at their own cost.
- Interested bidders shall be required to submit an **Earnest Money Deposit (EMD) of Rs. 25,00,000/- (Rupees Fifty Lakhs only)** in the form of a Demand Draft drawn in favour of Axis Bank Limited, to be submitted to **Mr. Brij Singh at Axis House, C-2, Wadia International Centre, P.B. Marg, Worli, Mumbai – 400025.**
- Any ARCs, Banks, FIs or eligible NBFCs submitting a counter bid shall submit a minimum counter bid as above and counter bids shall be evaluated on the basis of price and other factors as per Axis Bank evaluation matrix. Axis Bank shall sell these Stressed Loans under a Swiss Challenge Method based on existing offers in hand and the existing offerer will have the right to match the highest counter bid as per the Evaluation matrix
- The process to be followed for conducting the sale including the bid submission date, bid parameters and evaluation criteria shall be communicated separately only to the parties who have submitted their EOI,EMD and NDA. Submission of Expression of Interest (EOI), EMD or NDA shall not create any binding obligation on Axis Bank to proceed with or complete the proposed transaction
- Axis Bank reserves the right to sell these assets in whole or in part, in one or multiple pools.
- Axis Bank reserves the right at its sole discretion, without assigning any reasons, to include additional assets to and / or withdraw certain assets or all the assets from the above mentioned pool.
- The Stressed Loans shall be sold on 'As is, where is' basis and "as is what is" basis without any recourse to the Axis Bank.
- The cut-off date for the sale of the above-mentioned assets shall be specified separately at the time of final bid submission as part of the sale process.
- The interested parties shall submit their **Binding Bid latest by September 11, 2026, 11:00 AM.**
- Axis Bank reserves the right to extend/terminate the sale/auction process at any point of time without prescribing any reason thereof, at its own discretion. The decision of Axis Bank shall be final and binding in this regard.
- All applicable taxes, stamp duty and transaction-related costs shall be borne by the successful bidder
- Please note that any sale under this process shall be subject to Axis bank's bid parameters, evaluation criteria and final approval by the Competent Authority of Axis Bank.
- The above stated sale of Stressed Loans shall be in compliance with relevant RBI and other regulatory requirements.

Date : 05.09.2026 **Sd/- Authorised Officer**
Place : Mumbai **Axis Bank Ltd.**

FEDBANK FINANCIAL SERVICES LIMITED

FEDBANK FINANCIAL SERVICES LIMITED

CIN: L65910MH1995PLC364635
Registered & Corporate office: Unit No. 1101, 11th Floor, Cignus, Plot No. 71A, Powai, Paspoli, Mumbai 400087, Maharashtra, India
Phone: 022-68520601
Email: secretarial@fedfina.com **Website:** www.fedfina.com

NOTICE FOR THE THIRTY FIRST ANNUAL GENERAL MEETING AND E-VOTING INFORMATION

Notice is hereby given that the Thirty First Annual General Meeting **("AGM")** of the Members of the Company will be held on **Tuesday, September 29, 2026 at 12:00 Noon (IST)** through Video Conferencing **("VC")** / Other Audio-Visual Means **("OAVM")** in compliance with the applicable provisions of Companies Act, 2013 **("the Act")** and rules made thereunder, read with General Circular No. 03/2025 dated September 22, 2025 issued by the Ministry of Corporate Affairs **("MCA Circular"),** Secretarial Standard on General Meetings issued by the Institute of Company Secretaries of India and the SEBI (Listing Obligations and Disclosure Requirements) Regulations, 2015 **("SEBI Listing Regulations"),** and any other applicable law, rules and regulations (including any statutory modification(s) or re-enactment(s) thereof, for the time being in force), to transact the businesses as set out in the Notice convening the AGM.

In compliance with the MCA Circular and the relevant provisions of the Act / SEBI Listing Regulations, the Company has completed the dispatch of the Notice of the 31st AGM and the Annual Report of the Company for the Financial Year 2025-26 on Friday, September 04, 2026 via Email to the Members and Debenture holders of the Company, whose email address(es) are registered with the Company / Registrar to an Issue and Share Transfer Agent **("RTA")** / Depository Participants **("DPs").**

In accordance with the provisions of the SEBI Listing Regulations, a letter containing the weblink along with the exact path to access the Notice & the Annual Report has been sent to those members who have not registered their email address(es).

The Notice of the AGM and the Annual Report of the Company for the Financial Year 2025-26 has also been made available on the Company's website i.e. **www.fedfina.com** as well as on the NSDL website at **www.evoting.nsdl.com** and on stock exchanges website i.e. **www.bseindia.com** and **www.nseindia.com.**

In compliance with Section 108 of the Act read with Rule 20 of the Companies (Management and Administration) Rules, 2014 as amended from time to time, Regulation 44 of the SEBI Listing Regulations and SEBI Master Circular dated January 30, 2026, Members holding shares in physical or dematerialized form, as on the cut - off date, i.e. Tuesday, September 22, 2026, may cast their votes electronically on the businesses as set forth in the Notice through the electronic voting system of NSDL (the "Remote e-voting").

All the Members are hereby informed that:

i. The business as set forth in the Notice convening the AGM will be transacted through voting by electronic means;
ii. The cut-off date for determining the eligibility to vote through remote e-voting or through e-voting system at the AGM shall be Tuesday, September 22, 2026;
iii. The remote e-voting shall commence on Friday, September 25, 2026 at 9.00 a.m.;
iv. The remote e-voting shall end on Monday, September 28, 2026 at 5.00 p.m.;
v. Members who are holding shares in physical form or who have not registered their email address(es) and any person who acquires the shares of the Company and becomes a member post-dispatch of the Notice of the AGM and holds shares as on the cut-off date i.e. Tuesday, September 22, 2026 may obtain the log-in ID and password by sending a request at **evoting@nsdl.com**. However, if the person is already registered with NSDL for e-voting then the existing USER ID and PASSWORD can be used for casting their vote;
vi. Members may note that: (a) the remote e-voting shall be disabled by NSDL beyond 05:00 p.m. on Monday, September 28, 2026 and once the votes on the resolution(s) is cast by the Members, the Members shall not be able to change it subsequently; (b) the Members who have cast their vote by remote e-voting prior to the AGM may participate in the AGM through VC / OAVM facility but shall not be entitled to cast their vote on such resolution(s) again; (c) the facility for e-voting will also be made available during the AGM, and those Members present in the AGM through VC/OAVM facility, who have not cast their vote on the resolutions through remote e-voting and are otherwise not barred from doing so, shall be eligible to vote through the e-voting system at the AGM; (d) only persons whose names are recorded in the Register of Members or in the Register of Beneficial Owners maintained by the RTA/ Depositories as on the cut-off date shall be entitled to avail the facility of remote e-voting or e-voting at the AGM; and (e) the voting rights of the Members shall be in proportion to the equity shares held by them in the paid up equity share capital of the Company as on Tuesday, September 22, 2026 being the cut-off date for this purpose.
vii. Details of the process / method of casting votes by the Members is detailed in the AGM Notice.
viii. Members holding shares in Demat mode may register their email address(es) / update the same by contacting their respective DPs / RTA / the Company.
ix. In case of any queries, you may refer the Frequently Asked Questions (FAQs) for Shareholders and e-voting user manual for Shareholders available at the download section of **www.evoting.nsdl.com** or call on.: 022 - 48867000 or send a request at **evoting@nsdl.com**.

For **FEDBANK FINANCIAL SERVICES LIMITED**

Parthasarathy Iyengar
Place: Mumbai **Company Secretary & Compliance Officer**
Date: September 05, 2026 **Mem. No: A21472**

ആക്രമണം മുസ്ലിമായതിന്റെ പേരിൽ

വനിതാമാധ്യമപ്രവർത്തകരെ ഡൽഹി പൊലീസ് തല്ലിച്ചതച്ചു

സ്വന്തം ലേഖകൻ

ന്യൂഡൽഹി

- മാധ്യമപ്രവർത്തക അബോധാവസ്ഥയിലായി
- അമിത് ഷായോടും രേഖ ഗുപ്തയോടും ചോദ്യം ചോദിച്ചതിനാണ് മർദനം

മുസ്ലിം പേരുകാരായ വനിതാ മാധ്യമപ്രവർത്തകരെ ക്രൂരമായി മർദിച്ച് ഡൽഹി പൊലീസ്. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത എന്നിവർ പങ്കെടുത്ത പരിപാടി റിപ്പോർട്ട് ചെയ്യുന്നതിനിടയാണ് ഓൺലൈൻ മാധ്യമപ്രവർത്തകരായ ഷഹീൻ ഖാൻ, നഫീസ ഖാൻ എന്നിവരെ സാകേത് സ്റ്റേഷനിലെത്തിച്ച് മർദിച്ചത്. ഷഹീന്റെ കൈയ്ക്ക് ചതവുണ്ട്. നഫീസ അബോധാവസ്ഥയിലുമായി. ഓൺലൈൻ മാധ്യമമായ ഫോർ പിഎമ്മിനുവേണ്ടിയാണ് മാക്സ് ആശുപത്രിയിലെ പരിപാടിക്ക് ഇരുവരുമെത്തിയത്. അമിത് ഷായോടും രേഖാ ഗുപ്തയോടും ചോദ്യം ചോദിച്ചതിനാണ് മർദിച്ചതെന്നും പേര് പറഞ്ഞപ്പോൾ മർദനം കടുപ്പിച്ചെന്നും സംഭവശേഷം പുറത്തുവിട്ട വീഡിയോയിൽ ഷഹീൻ പറഞ്ഞു.

പൊലീസ് നടപടിക്കെതിരെ കോടതിയെ സമീപിക്കുമെന്ന് ഫോർ പിഎം ചീഫ് എഡിറ്റർ സഞ്ജയ് ശർമ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ബിജെപി സർക്കാരുകൾ ഫോർ പിഎമ്മിനെതിരെ നിരന്തരം നടപടിയെടുക്കുകയാണെന്നും സഞ്ജയ് പറഞ്ഞു. വാർത്താസമ്മേളനത്തിൽ നഫീസ ഖാനും ഷഹീൻ ഖാനും പൊട്ടിക്കരഞ്ഞുകൊണ്ടാണ് പൊലീസ് ക്രൂരത വിശദീകരിച്ചത്.

ലഖ്നൗവിലെ സായാഹ്ന പത്രമായിരുന്ന ഫോർ പിഎം യുട്യൂബ് ചാനലായാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ആക്രമണത്തെ പ്രസ് ക്ലബ് ഓഫ് ഇന്ത്യ, ഇന്ത്യൻ വുമൺസ് പ്രസ് കോർപ്സ്, ഡൽഹി യൂണിയൻ ഓഫ് ജേർണലിസ്റ്റ്, പ്രസ് അസോസിയേഷൻ, കേരള യൂണിയൻ ഓഫ് വർക്കിങ് ജേർണലിസ്റ്റ്സ് എന്നിവ അപലപിച്ചു. സാകേത് പൊലീസ് സ്റ്റേഷനിലെ എസ്എച്ച്ഒ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണം. പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ സ്വമേധയാ കേസെടുക്കണമെന്നും സംഘടനകൾ ആവശ്യപ്പെട്ടു.

വിദ്യാഭ്യാസ വാർത്ത

ബിഎസ്‌സി നഴ്സിങ്: ഓപ്ഷൻ നൽകാം

തിരുവനന്തപുരം

സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ കോളേജുകളിലെ ബിഎസ്‌സി നഴ്സിങ് & അലൈഡ് ഹെൽത്ത് സയൻസ് കോഴ്സുകളിലേക്ക് അപേക്ഷിച്ച് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ സെപ്തംബർ 7ന് വൈകിട്ട് 5നകം ഓപ്ഷൻ നൽകണം. വിവരങ്ങൾക്ക്: www.lbscentre.kerala.gov.in, ഫോൺ: 04712560361, 362, 363, 364.

പിജി ഡെന്റൽ: താൽക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം

പിജി ഡെന്റൽ കോഴ്സുകളിലേക്കുള്ള ഒന്നാംഘട്ട താൽക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പരാതികൾ ceekinfo.cee@kerala.gov.in വഴി ശനി പകൽ ഒന്നിനകം അറിയിക്കാം. വിവരങ്ങൾക്ക്: www.cee.kerala.gov.in, ഫോൺ: 04712332120, 2338487.

സീറ്റ് ഒഴിവ്

തിരുവനന്തപുരം

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിൽ ആരംഭിക്കുന്ന കോമ്പോസിറ്റ് പ്രോസസിങ് ആൻഡ് ഫൈബർ റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് പ്രോസസിങ് കോഴ്സിൽ സീറ്റ് ഒഴിവ്. ഫോൺ: 9656399657, 9895283025, 0471 2360391.

കെഎസ്‌യു നേതാവ് ഉൾപ്പെട്ട അശ്ലീല വീഡിയോ നിർമാണ റാക്കറ്റ്

ഒന്നര വർഷമായി തുടരുന്ന ഇടപാട്; 3 പ്രതികൾക്കായി തിരച്ചിൽ

കാക്കനാട്

തൃക്കാക്കര ഭാരതമാതാ കോളേജിലെ കെഎസ്‌യു നേതാവ് എസ് ശ്രീഹരി, സഹപാഠികളുടെയും അധ്യാപകരുടെയും ചിത്രങ്ങളും വീഡിയോദൃശ്യങ്ങളും മോർഫ് ചെയ്ത് ഓൺലൈൻ സൈറ്റുകൾക്കും ടെലിഗ്രാം ഗ്രൂപ്പുകൾക്കും വിറ്റ് വൻതുക സമ്പാദിച്ചതായി പൊലീസ്. അടുത്ത സുഹൃത്തുക്കളെ ചേർത്തുണ്ടാക്കിയ സമൂഹമാധ്യമ ഗ്രൂപ്പുകളിലൂടെയാണ് ചിത്രങ്ങൾ പ്രചരിപ്പിച്ചതും വിറ്റഴിച്ചതും. ഒന്നരവർഷമായി ശ്രീഹരിയും കൂട്ടരും ഈ ഇടപാട് നടത്തിവരുന്നു.

കെഎസ്‌യു മീഡിയ കമ്മിറ്റി അംഗമെന്ന നിലയിൽ ശ്രീഹരി ക്യാമ്പസിലെ എല്ലാ പൊതുപരിപാടികളിലും സജീവസാന്നിധ്യമായിരുന്നു. റീൽസ് ചിത്രീകരണത്തിന്റെ മറവിൽ സഹപാഠികളുടെയും അധ്യാപകരുടെയും ചിത്രങ്ങളും വീഡിയോകളും നിരന്തരം ശേഖരിച്ചു. ഈ ചിത്രങ്ങളാണ് പിന്നീട് മോർഫ് ചെയ്ത് അശ്ലീല സൈറ്റുകൾക്ക് വിറ്റത്. നിരവധി അധ്യാപകരുടെയും വിദ്യാർഥിനികളുടെയും മോർഫ് ചെയ്ത ചിത്രങ്ങൾ ശ്രീഹരിയുടെ ഫോണിൽ നിന്ന് പൊലീസ് കണ്ടെടുത്തു.

കെഎസ്‌യു നേതാവ് എസ് ശ്രീഹരിയെ വൈദ്യപരിശോധനക്കായി കാക്കനാട്ടെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എത്തിച്ചപ്പോൾ

ഓൺലൈൻ സൈറ്റുകളിൽ പ്രചരിച്ച ചിത്രങ്ങൾ കോളേജിലെ ഒരു പൂർവവിദ്യാർഥിയുടെ ശ്രദ്ധയിൽപ്പെട്ടതാണ് ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തുകൊണ്ടുവരാൻ സഹായിച്ചത്. സൈബർ വിദഗ്ധരുടെ സഹായത്തോടെ എസ്എഫ്ഐ പ്രവർത്തകർ അതിൽ തുടരന്വേഷണം നടത്തി. ശ്രീഹരി അഡ്മിനായ ടെലിഗ്രാം ഗ്രൂപ്പാണ് ഇതിനുപിന്നിലെന്ന് കണ്ടെത്തി. എസ്എഫ്ഐയുടെ പരാതിയിൽ കോളേജ് മാനേജ്മെന്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ ശ്രീഹരിയുടെ ഫോണിൽ നിന്ന് കൂടുതൽ തെളിവുകൾ ലഭിച്ചു.

എന്നാൽ, കേസൊതുക്കാനായിരുന്നു ശ്രമം. എസ്എഫ്ഐ ഉൾപ്പെടെയുള്ള വിദ്യാർഥി സംഘടനകൾ ശക്തമായ പ്രതിഷേധവുമായി രംഗത്തെത്തിയതോടെ ആ നീക്കം പാളി.

ശ്രീഹരിക്ക് പുറമെ, ഇടപാടിൽ ഉൾപ്പെട്ടതായി കരുതുന്ന മറ്റു രണ്ടുപേരെ കണ്ടെത്താൻ പൊലീസ് അന്വേഷണം ഊർജിതമാക്കി. ശ്രീഹരി അഡ്മിനായ നിരവധി വാട്സാപ്, ടെലിഗ്രാം ഗ്രൂപ്പുകൾ സംസ്ഥാന വ്യാപകമായി പ്രവർത്തിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

ഇതിൽ മറ്റു കോളേജുകളിലെ വിദ്യാർഥികൾ ഉൾപ്പെട്ടിട്ടുണ്ടോ എന്നും, തട്ടിപ്പിനായി കൂടുതൽ ലാപ്ടോപ്പുകളും ഫോണുകളും ഉപയോഗിച്ചിട്ടുണ്ടോ എന്നും പൊലീസ് അന്വേഷിക്കുന്നു.

എക്സൈസിലെ വിവാദ സ്ഥലംമാറ്റം റദ്ദാക്കി

പാലക്കാട്

അഴിമതിക്കും കൈക്കൂലിക്കും മദ്യമാഫിയകളിൽനിന്ന് പണം വാങ്ങിയതിനും നടപടി നേരിട്ടവരെ സർക്കിൾ ഓഫീസുകളിലെ നിർണായക സ്ഥാനങ്ങളിലേക്ക് സ്ഥലംമാറ്റി നിയമിച്ച എക്സൈസ് ഡെപ്യൂട്ടി കമീഷണറുടെ നടപടി എക്സൈസ് കമീഷണർ റദ്ദാക്കി. പരാതി ഉയർന്ന സാഹചര്യത്തിലാണ് നടപടി മരവിപ്പത്. കഴിഞ്ഞ ദിവസം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഉൾപ്പെടെ 309 പേരെയാണ് ഒറ്റയടിക്ക് സ്ഥലംമാറ്റി ഡെപ്യൂട്ടി കമീഷണർ ഉത്തരവിട്ടത്.

കോൺഗ്രസ് നേതാക്കളും സ്പിരിറ്റ് മാഫിയയും നൽകിയ പട്ടികപ്രകാരം മാനദണ്ഡം അട്ടിമറിച്ചായിരുന്നു സ്ഥലംമാറ്റമെന്ന് ജീവനക്കാർ പരാതി നൽകിയിരുന്നു. മേയിൽ 59 പേരെ സ്ഥലംമാറ്റിയശേഷം സെപ്തംബർ രണ്ടിന് 309 പേരെയും മാറ്റി. മൂന്ന് മാസംമുമ്പ് മാറ്റിയവരെ ഈ പട്ടികയിലും ഉൾപ്പെടുത്തി വീണ്ടും മാറ്റി. വനിതാ സിവിൽ എക്സൈസ് ഓഫീസർമാരെയും ഇത്തരത്തിൽ സ്ഥലംമാറ്റി പീഡിപ്പിച്ചു. ചെറിയ കുട്ടികളുള്ളവരെയും വീട്ടിൽ പ്രായമായവർ മാത്രമുള്ളവരെയും ദൂരേക്ക് മാറ്റിയതിൽ എതിർപ്പ് ഉയർന്നിരുന്നു. ഓൺലൈനിൽ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചതുപോലും കണക്കിലെടുക്കാതെയാണ് പ്രതികാര സ്ഥലംമാറ്റം. പൊതു സ്ഥലംമാറ്റം നടപ്പാക്കിയതിൽ എക്സൈസ് കമീഷണറുടെ ഉത്തരവ് പാലിക്കാത്തതിൽ വെള്ളിയാഴ്ച വിശദീകരണം നൽകാൻ എക്സൈസ് ഡെപ്യൂട്ടി കമീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തൃശൂർ പൂരം വെടിക്കെട്ട്

വടക്കുന്നാഥ ക്ഷേത്രത്തിന്റെ ബലക്ഷയം പരിശോധിക്കണമെന്ന് ഹൈക്കോടതി

കൊച്ചി

തൃശൂർ പൂരം വെടിക്കെട്ടിന്റെ പ്രകമ്പനങ്ങൾ വടക്കുന്നാഥ ക്ഷേത്ര സമുച്ചയത്തിന്റെ നിലനിൽപ്പിന് ഭീഷണിയാണെന്ന പരാതി വിശദമായി പരിശോധിക്കുമെന്ന് ഹൈക്കോടതി. പൈതൃക മന്ദിരമായ ക്ഷേത്രത്തിന്റെ സംരക്ഷണത്തിൽ വിട്ടുവീഴ്ച പാടില്ലെന്ന് വ്യക്തമാക്കിയ കോടതി, ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, പാറമേക്കാവ്–തിരുവമ്പാടി ദേവസ്വങ്ങൾ, തൃശൂർ പൂരം എക്സിബിഷൻ കമ്മിറ്റി എന്നിവയെ സ്വമേധയാ കക്ഷി ചേർത്തു.

കഴിഞ്ഞവർഷത്തെ വെടിക്കെട്ട് പുരാവസ്തുവകുപ്പിന്റെ അനുമതിയില്ലാതെ ക്ഷേത്രത്തോടുചേർന്നാണ് നടത്തിയതെന്നും ഇത് ഗോപുരങ്ങൾക്കും കൂത്തമ്പലത്തിനും ബലക്ഷയമുണ്ടാക്കിയെന്നും ആരോപിച്ച് ഓംബുഡ്സ്മാന് പരാതി ലഭിച്ചിരുന്നു. ഓംബുഡ്സ്മാൻ ഇത് ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വിടുകയായിരുന്നു. സംഘാടകരുടെ ഭാഗത്ത് നിയമലംഘനമുണ്ടെങ്കിൽ നടപടിയെടുക്കാനും ക്ഷേത്രത്തിന് കേടുപാടുണ്ടായാൽ നഷ്ടം ഈടാക്കാനും വ്യക്തമായ മാർഗരേഖ ആവശ്യമാണെന്ന് ഹർജി പരിഗണിച്ച ജസ്റ്റിസ് വി രാജാ വിജയരാഘവൻ, ജസ്റ്റിസ് കെ വി ജയകുമാർ എന്നിവരടങ്ങിയ ദേവസ്വംബെഞ്ച് വിലയിരുത്തി.

സ്ഫോടനത്തിന്റെ പ്രകമ്പനം മൂലം ക്ഷേത്രത്തിന്റെ ഘടനയ്ക്ക് എത്രത്തോളം ആഘാതമുണ്ടായെന്ന് ശാസ്ത്രീയമായി പരിശോധിക്കാൻ ദേവസ്വംബോർഡിന് വൈദഗ്ധ്യമില്ലെന്ന് നിരീക്ഷിച്ചാണ് ഇതിനായി കേന്ദ്ര പുരാവസ്തുവകുപ്പിനെ കക്ഷിചേർത്തത്. ക്ഷേത്രത്തിന്റെ അറ്റകുറ്റപ്പണികൾക്കായി കൊച്ചിൻ ദേവസ്വം ബോർഡ് വലിയ തുക ചെലവാക്കുന്നുണ്ട്. എന്നാൽ, പൂരത്തിന്റെ സംഘാടകരായ തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങൾ ഇതിൽ പങ്കുചേരുന്നില്ലെന്ന ഓംബുഡ്സ്മാന്റെ നിരീക്ഷണം കോടതി ഗൗരവമായെടുത്തു. ഹർജി വീണ്ടും 23ന് പരിഗണിക്കും.

കോൺഗ്രസ് അംഗത്തിന്റെ വീട് കയറി ആക്രമിച്ചു

ജില്ലാ പഞ്ചായത്തംഗത്തിന്റെ മുഖത്തടിച്ച് രമ്യ ഹരിദാസ് എംഎൽഎ

സ്വന്തം ലേഖകൻ

ചിറയിൻകീഴ്

രമ്യ ഹരിദാസ് എംഎൽഎയുടെ നേതൃത്വത്തിൽ കോൺഗ്രസ് പ്രവർത്തകന്റെ വീട് കയറി ആക്രമണം. കോൺഗ്രസ് ജില്ലാ പഞ്ചായത്ത് അംഗത്തിന്റെ മുഖത്തടിച്ചു. രമ്യ ഹരിദാസിന്റെ അനുയായി കോഴിക്കോട് സ്വദേശിയായ പാളയം പ്രദീപിനെതിരെ കോൺഗ്രസ് പ്രവർത്തകനായ സജാദ് ഗുരുതര ആരോപണം ഉന്നയിച്ചിരുന്നു. വെള്ളി രാത്രി പുളിമൂടുള്ള സജാദിന്റെ വീട്ടിലെത്തിയ രമ്യ ഹരിദാസും സംഘവും ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. സംഭവത്തിൽ ഇടപെട്ട ജില്ലാ പഞ്ചായത്ത് അംഗമായ സജിത്ത് മുട്ടപ്പലത്തിനാണ് മർദനമേറ്റത്. സജിത്തിനെ രമ്യ ഹരിദാസ് തല്ലുന്ന വീഡിയോ പുറത്തുവന്നു. വീഡിയോ പകർത്തിയ ആളെയും രമ്യ ആക്രമിച്ചു.

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ എംഎൽഎയ്ക്കൊപ്പം പാളയം പ്രദീപും പങ്കെടുത്തിരുന്നു. മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കരാറുകാരും ഉദ്യോഗസ്ഥരും കോൺഗ്രസ് പ്രവർത്തകരും ഉൾപ്പെട്ടതായിരുന്നു യോഗം. ചില കോൺഗ്രസ് പ്രവർത്തകർ ഇത് ചോദ്യം ചെയ്തു. യോഗത്തിൽ തന്റെ പാർശ്വവർത്തിയും ബിനാമിയുമായ പാളയം പ്രദീപിനെ രമ്യ ഹരിദാസ് പങ്കെടുപ്പിച്ചത് ശരിയല്ലെന്ന് ചൂണ്ടിക്കാട്ടി കോൺഗ്രസ് പ്രവർത്തകരുടെ വാട്സാപ് ഗ്രൂപ്പിൽ സജാദ് പ്രതികരിച്ചു. കോൺട്രാക്ടർമാരിൽനിന്ന് വൻതോതിൽ ധനസമാഹരണം നടത്തുന്നുവെന്ന പരാതിയുള്ളപ്പോൾ ഉദ്യോഗസ്ഥതല യോഗങ്ങളിൽ പ്രദീപിനെ പങ്കെടുപ്പിക്കുന്നത് തെറ്റായ സന്ദേശം നൽകില്ലേയെന്നും സജാദ് ചോദിച്ചിരുന്നു. ഈ കുറിപ്പ് പുറത്തുവന്നതോടെ പ്രകോപിതയായ രമ്യ ഹരിദാസും സംഘവും സജാദിന്റെ വീടുകയറി ആക്രമിക്കുകയായിരുന്നു. സജാദിനെ വീട്ടിൽനിന്ന് പിടിച്ചുകൊണ്ട് പോകാനും സംഘം ശ്രമിച്ചു. സജാദിന്റെ മകളെക്കൊണ്ട് ബലമായി വാട്സാപ് കുറിപ്പ് ഉറക്കെ വായിപ്പിച്ചു. കുട്ടി ഭയന്ന് കരഞ്ഞതോടെയാണ് ജില്ലാ പഞ്ചായത്ത് അംഗം സജിത്ത് അടക്കമുള്ളവർ ഇടപെട്ടത്. വീട്ടുപകരണങ്ങളും അക്രമികൾ തല്ലിത്തകർത്തു.

അതേസമയം, കോൺഗ്രസ് പ്രാദേശിക നേതാക്കൾ തന്നെ മർദിച്ചെന്ന് ആരോപിച്ച് ചിറയിൻകീഴ് ആശുപത്രിയിൽ രമ്യ ഹരിദാസ് ചികിത്സ തേടി. സംഭവത്തിൽ മൊഴി രേഖപ്പെടുത്താനും കേസെടുക്കാനുമാണ് പൊലീസ് നീക്കം.

ബെവ്കോയിൽ അധികാര തർക്കം

മന്ത്രിക്കെതിരെ എംഡിയും ഭരണകക്ഷി യൂണിയനും

സ്വന്തം ലേഖകൻ

കൊല്ലം

കേരള സ്റ്റേറ്റ് ബിവറേജസ് കോർപറേഷൻ (ബെവ്കോ)ഭരണനിർവഹണത്തിന്റെ പേരിൽ വകുപ്പ് മന്ത്രിയും എംഡിയും തമ്മിൽ തർക്കം രൂക്ഷമായി. ബെവ്കോയിലെ രണ്ട് ഐഎൻടിയുസി യൂണിയനുകളിൽ ഒരുവിഭാഗത്തിന്റെ പിന്തുണ എംഡിക്കുണ്ട്. കാലിയായ മദ്യക്കുപ്പി 20 രൂപയ്ക്ക് ബെവ്കോ തിരിച്ചെടുക്കുന്ന പദ്ധതി മന്ത്രി അറിയാതെ എംഡി നിർത്തലാക്കിയത് വലിയ തർക്കത്തിനിടയാക്കി. ഇതിൽ മന്ത്രി അഭിപ്രായവ്യത്യാസം എംഡിയോട് തുറന്നുപറഞ്ഞതായാണ് സൂചന. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പേഴ്സണൽസ്റ്റാഫ് അംഗമായിരിക്കെ സോളാർ കേസിൽ പ്രതിയായ ബിവറേജസ് എംപ്ലോയീസ് കോൺഗ്രസ് ജനറൽ സെക്രട്ടറിയെ മുന്നിൽനിർത്തിയാണ് ബെവ്കോയിൽ എംഡി തീരുമാനങ്ങളെടുക്കുന്നതെന്ന ആക്ഷേപമാണ് ഉയരുന്നത്. ഇദ്ദേഹത്തിനു കെപിസിസിയിലും മുഖ്യമന്ത്രിയുടെ ഓഫീസിസുമായും ബന്ധമുണ്ട്. യൂണിയൻ ജനറൽ സെക്രട്ടറിക്ക് തത്വത്തിൽ എക്സൈസ് മന്ത്രിയുടെ ഓഫീസിൽ വിലക്ക് ഏർപ്പെടുത്തി. വകുപ്പിലെ സ്ഥലം മാറ്റത്തിലും സ്ഥാനക്കയറ്റത്തിലും വലിയ അഴിമതിക്ക് കളമൊരുക്കുകയാണെന്നാണ് ആരോപണം. താനറിയാതെ സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും നടത്താൻ പാടില്ലെന്ന കർശന നിർദേശം മന്ത്രി നൽകിയതായി അറിയുന്നു. എംഡിയുടെ ഇടപെടലിൽ ഇതിനകം വഴിവിട്ട സ്ഥലമാറ്റം നടന്നു. രണ്ട് ഐഎൻടിയുസി യൂണിയനുകളും ലയിക്കണമെന്ന് മന്ത്രി കർശന നിർദേശംനൽകിയതായും അറിയുന്നു.

മുൻ യുഡിഎഫ് സർക്കാരിൽ എക്സൈസ് മന്ത്രിയായിരുന്ന കെ ബാബുവിന്റെ ഓഫീസിൽ സ്ഥലമാറ്റത്തിനും സ്ഥാനക്കയറ്റത്തിനും ചുക്കാൻ പിടിച്ചിരുന്നതും യൂണിയന്റെ ഇതേ ജനറൽ സെക്രട്ടറിയാണ്. ബെവ്കോ പരിശോധന, അഡ്മിനിസ്ട്രേഷൻ വിഭാഗങ്ങളിലെ ചില ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് പുറത്തുപോയെന്ന പേരിൽ വ്യാജമായി അലവൻസ് എഴുതിയെടുത്തെന്ന പരാതി വിജിലൻസ് അന്വേഷണത്തിലാണ്.

ഭരണകക്ഷി യൂണിയനും മന്ത്രിയും എംഡിയും തമ്മിലുള്ള തർക്കം മുറുകിയതോടെ മന്ത്രി ഓഫീസിൽ ഫയൽ കുന്നുകൂടുന്നു. എംഡി അയക്കുന്ന പല ഫയലുകളും മന്ത്രി ഓഫീസിൽ പിടിച്ചുവച്ചിരിക്കുകയാണ്.

കള്ളുചെത്ത് തൊഴിലാളി ഫെഡറേഷൻ

സംസ്ഥാന സമ്മേളനം 8 മുതൽ

ആലപ്പുഴ

കേരള സംസ്ഥാന കള്ളുചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ (സിഐടിയു) അഞ്ചാം സംസ്ഥാന സമ്മേളനം എട്ട്, ഒമ്പത് തീയതികളിൽ ചേരും. കേരളത്തിലെ കർഷകത്തൊഴിലാളി പ്രസ്ഥാനത്തിന്റെ ഈറ്റില്ലമായ കുട്ടനാട്ടിലെ മങ്കൊമ്പിലാണ് സമ്മേളനം. പ്രതിനിധി സമ്മേളനം എട്ടിന് പകൽ 10.30ന് കെ എം സുധാകരൻ–എം സുരേന്ദ്രൻ നഗറിൽ (മങ്കൊമ്പ് പി കൃഷ്ണപിള്ള സ്മാരക ഓഡിറ്റോറിയം) സിഐടിയു അഖിലേന്ത്യാ ജനറൽ സെക്രട്ടറി എളമരം കരീം ഉദ്ഘാടനംചെയ്യും. ഫെഡറേഷൻ പ്രസിഡന്റ് ടി പി രാമകൃഷ്ണൻ അധ്യക്ഷനാകും.

പൊതുസമ്മേളനം ഒമ്പതിന് വൈകിട്ട് നാലിന് വി എസ് അച്യുതാനന്ദൻ നഗറിൽ (മങ്കൊമ്പ് ജങ്ഷൻ) പ്രതിപക്ഷനേതാവ് പിണറായി വിജയൻ ഉദ്ഘാടനംചെയ്യും. ടി പി രാമകൃഷ്ണൻ അധ്യക്ഷനാകും. കള്ളുചെത്ത് വ്യവസായ മേഖലയിലെ തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങൾ സമ്മേളനം ചർച്ചചെയ്യും. തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാനും തൊഴിലിന്റെയും വ്യവസായത്തിന്റെയും വികസനത്തിനും സംരക്ഷണത്തിനും ആവശ്യമായതുമായ പദ്ധതികൾക്ക് രൂപം നൽകും.

കേരള സംസ്ഥാന ഭാഗ്യക്കുറി SUVARNA KERALAM SK-68 DRAW RESULT 04/09/2026

ഒന്നാം സമ്മാനം ₹ 1 കോടി	RS 685763 (കണ്ണൂർ)
സമാശ്വാസ സമ്മാനം ₹ 5000	RN 685763 RO 685763 RP 685763 RR 685763 RT 685763 RU 685763 RV 685763 RW 685763 RX 685763 RY 685763 RZ 685763
രണ്ടാം സമ്മാനം ₹ 30 ലക്ഷം	RV 530267 (നെയ്യാറ്റിൻകര)
മൂന്നാം സമ്മാനം ₹ 5 ലക്ഷം	RU 639159 (പാലക്കാട്)

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹ 5000	0353 0756 0957 1312 2554 2634 2948 3021 4214 4450 5079 5801 5824 6269 6559 6906 9069 9500 9556
₹ 2000	0386 1756 2647 [illegible] 7417 9144 9148
₹ 1000	1011 1401 2247 3542 3595 3635 4605 4884 5143 5204 5278 6147 6148 6558 7167 7233 7408 7433 7495 8615 8650 8907 9123 9974
₹ 500	0073 0165 0211 0235 0239 0278 0430 0511 0817 1185 1455 1525 1772 1942 2068 2168 2596 2610 2643 2698 3100 3195 3305 3325 3390 3533 3742 3806 3854 4009 4215 4239 4484 4508 4886 5077 5141 5227 5348 5655 6296 6364 6478 6610 6818 6855 7097 7191 7254 7455 7462 7512 7543 7590 7909 7919 7935 7953 8021 8168 8170 8344 8372 8644 8678 8692 8702 8719 8841 8980 9191 9259 9286 9630 9644 9734
₹ 200	0108 0174 0277 0453 0516 0583 0665 0706 0809 [illegible]
₹ 100	[illegible]

പവന് 1,14,880 രൂപ

കൊച്ചി

സംസ്ഥാനത്ത് സ്വർണവില വീണ്ടും വർധിച്ചു. വെള്ളിയാഴ്ച പവന് 960 രൂപയാണ് കൂടിയത്. ഇതോടെ പവന് 1,14,880 രൂപയും ഗ്രാമിന് 120 രൂപ വർധിച്ച് 14,360 രൂപയുമായി. രണ്ട് ദിവസത്തിനുള്ളിൽ പവന് 3400 രൂപ കൂടി.

കമ്പോള നിലവാരം

തൃശൂർ

ഇനം	വില
വെളിച്ചെണ്ണ(മില്ലിങ്)	26100
കൊപ്ര	16800
തേങ്ങപ്പിണ്ണാക്ക്	3500
നാളികേരം	5000
എള്ളിൻ പിണ്ണാക്ക്	4000
കടലപ്പിണ്ണാക്ക്	3325
നല്ലെണ്ണ	3400
കുരുമുളക്	68500
അടയ്ക്ക	
പുതിയത്	7800–8650
പഴയത്	-
രണ്ടാംതരം	5000–6600
അമല	
പുതിയത്	7600–8000
പഴയത്	-
രണ്ടാംതരം	4600–5350
കേച്ചേരി	
പുതിയത്	6500–8000
പഴയത്	6500–8000
രണ്ടാംതരം	2000–5000
വടക്കാഞ്ചേരി	
പുതിയത്	7500–8000
പഴയത്	7500–8500
രണ്ടാംതരം	2000–3000
കുരുമുളക് പുതിയത്	675
റബർഗ്രേഡ് (1 കിലോ)	271
റബർലോട്ട് (1 കിലോ)	261
റബർ മാർക്കറ്റ് (സൊസൈറ്റി, തൃശൂർ)	
റബർഗ്രേഡ് (1 കിലോ)	266
റബർലോട്ട് (1 കിലോ)	256
സ്വർണം	14360
വെള്ളി	255
ജാതിക്ക	
പരിപ്പ്	620
കായ	320
ഫ്ളവർ (മഞ്ഞ)	2000
പത്രി	1450
മഞ്ഞ ഫ്ളവർ	2100